പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *3617* 23.06.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-യിൽ യാത്രചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കാൻ കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ :<br>" വി. റ്റി. ബൽറാം :<br>" ആർ. സെൽവരാജ് :<br>" എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ദീർഘദൂര യാത്രക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ്സുകളിൽ യാത്ര ചെയ്യുവാനാണ് പൊതുവെ യാത്രക്കാർ താൽപര്യപ്പെടുന്നുവെന്നാണ് അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആർ.ടി.സി പുതിയ 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ ബാംഗ്ലൂരിലേക്ക് അന്തർ സംസ്ഥാന സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. യാത്രക്കാരിൽ നിന്നും വളരെ ആശാവഹമായ പ്രതികരണമാണ് ഈ സർവ്വീസുകളോട് ഉണ്ടായിട്ടുള്ളത്. അതോടൊപ്പം കെ.എസ്.ആർ.ടി.സി സംസ്ഥാനത്തിനകത്തും അന്തർ സംസ്ഥാന റൂട്ടുകളിലും ഓടിച്ചിരുന്ന പഴയ സൂപ്പർ ഡീലക്സ് ബസ്സുകൾ മാറ്റി പുഷ്ബാക് സീറ്റ് സംവിധാനത്തോടു കൂടിയ പുതിയ സൂപ്പർ ഡീലക്സ് ബസ്സുകളും നിരത്തിലിറക്കിക്കഴിഞ്ഞു. പുതിയ ബസ് വാങ്ങുവാൻ കെ.എസ്.ആർ.ടി.സി ഉദ്ദേശിച്ചിട്ടുള്ളതിൽ 150 എണ്ണം എയർ സസ്പെൻഷനോടു കൂടിയ സൂപ്പർ ക്ലാസ് ബസ്സുകളാണ്. നടപടിക്രമങ്ങൾ കഴിഞ്ഞ് അത്തരം ബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്ത് ദീർഘദൂര സർവ്വീസുകൾക്കായി കൂടുതൽ സൂപ്പർ ക്ലാസ് ബസ്സുകൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നു. ജൻറം സർവ്വീസിനായി ഉപയോഗിക്കുന്ന എ.സി, നോൺ എ.സി ബസ്സുകൾ ഹ്രസ്വദൂര യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതായും കണ്ടുവരുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 400 ജൻറം എ.സി, നോൺ എ.സി ബസ്സുകൾ എത്തിച്ചേരുന്നതോടുകൂടി കൂടുതൽ യാത്രക്കാർ കെ. എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കപ്പെടുമെന്ന് കരുതുന്നു. |
| (ബി) | ഇതിനായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കോർപ്പറേഷന്റെ സർവ്വീസ് നടത്തിപ്പ് ആധുനിക വത്ക്കരിക്കുന്നതിനായി. GPRS സാങ്കേതികവിദ്യയോട് കൂടിയ പുത്തൻതലമുറ ഇറ്റിഎം മെഷീനുകൾ വാങ്ങി ഉപയോഗിച്ച് വരികയാണ്. എല്ലാ ബസുകളിലും GPS ഘടിപ്പിച്ച് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ M/s Keltron-മായി നടത്തിവരിയാണ്. ടി സംവിധാനം ഏർപ്പെടുത്തുമ്പോൾ, യാത്രക്കാർക്ക് ബസുകളെ സംബന്ധിച്ച തത്സമയ വിവരങ്ങൾ ലഭ്യമാകുന്നതാണ്. ഉപഭോക്തൃ സൗഹൃദത്തിനും പരിഹാരത്തിനുമായി കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇന്റർ സ്റ്റേറ്റ് / ദീർഘദൂര സർവ്വീസുകൾക്കായി .ബസുകൾ വാടകയ്ക്ക് ലഭ്യമാക്കി വിന്യസിക്കുന്നതാണ്. ഇത് മൂലം ദീർഘദൂര യാത്രികരുടെ യാത്രാ സൗകര്യം മെച്ചപ്പെടുന്നതാണ്. |
| (സി) | കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോ | (സി) | പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക മുഖേന കോർപ്പറേഷന്റെ സർവീസ് നടത്തിപ്പ് ആധുനികവൽക്കരി |

| | | | |
|---|---|---|---|
| | ജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ; | | ക്കുകയും തദ്വാരാ ജനങ്ങൾ കെ.എസ്.ആർ.ടി.സി ബസുകളെ കൂടുതലായി ആശ്രയിക്കുകയും ചെയ്യുന്നതാണ്. തൻമൂലം കോർപ്പറേഷന്റെ വരുമാനം വർദ്ധിക്കുകയും കാലക്രമേണ ലാഭത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | കോർപ്പറേഷൻ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി പുതുതായി 10 മൾട്ടി ആക്സിൽ വോൾവോ ബസുകൾ വാങ്ങുകയും, അന്തർ സംസ്ഥാന സർവീസ് നടത്തിപ്പിനായി 30.04.2014 മുതൽ നിരത്തിലിറക്കുകയും ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശപ്രകാരം കോർപ്പറേഷന്റെ ആസ്തി വകകളുടെ മൂല്യനിർണ്ണയത്തിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ആസ്തി മൂല്യനിർണ്ണയം നടത്തുന്നത് വഴി കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിക്കുകയും തന്മൂലം വായ്പാമൂല്യം ഉയരുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ